# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :26.07.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുള്ള 2018-19 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ ട്രൂയിംഗ്അപ്പ് ചെയ്യുന്നതിനുള്ള പെറ്റീഷന്മേലുള്ള പൊതുതെളിവെടുപ്പ് ഈ മാസം 29-ാം തീയതി (29.07.2021), രാവിലെ 11:00 മണിക്ക് കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് എറണാകുളം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ്-19 നുമായി ബന്ധപ്പെട്ട സർക്കാരിന്റെ നിർദ്ദേശങ്ങളും, നിലവിലെ കോവിഡ്-19 സാഹചര്യങ്ങളും കണക്കിലെടുത്ത് മേൽപ്പറഞ്ഞ പൊതുതെളിവെടുപ്പ് മുൻനിശ്ചയിച്ചപോലെ 29.07.2021, രാവിലെ 11:00 മണിക്ക്, വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തെളിവെടുപ്പിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും 28.07.2021ന് മുൻപായി ഫോൺ നമ്പർ സഹിതം kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ് / ഡെസ്ക്ടോപ്പ് / കമ്പ്യൂട്ടർ / സ്മാർട്ട്ഫോൺ / ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ കരുതേണ്ടതാണ്. ഒീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും.

സെക്രട്ടറി-ഇൻ-ചാർജ്ജ്